സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 62 ലക്കം: 161 2026 സെപ്തംബർ 17 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


## കേരളത്തിൽ ഇന്നും പവർകട്ട്

തൃശ്ശൂർ: വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയാതെ സംസ്ഥാന സർക്കാർ ബുദ്ധിമുട്ടുകയാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഇന്നും പവർകട്ട് തുടരുന്നതാണ്. നിലവിൽ സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം 94 ദശലക്ഷത്തിന് മുകളിലെത്തിയിരിക്കുകയാണ്. പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് എൻടിപിസി സിഎംഡിയുമായി കെഎസ്ഇബി ചെയർമാൻ ഇന്ന് പ്രത്യേക കൂടിക്കാഴ്ച നടത്തും. എൻടിപിസി ഒരു സർക്കാർ സ്ഥാപനമായതിനാൽ വലിയ കടമ്പകളില്ലാതെ തന്നെ വൈദ്യുതി വാങ്ങാനാകുമെന്നാണ് വിലയിരുത്തൽ.

## വാഹനാപകടം: 3പേർക്ക് പരിക്ക്

തൃശ്ശൂർ: ദേശീയപാതയിൽ പെരിഞ്ഞനം സെന്ററിൽ സ്കൂട്ടറുമായി കൂട്ടിയിടിച്ച് നിയന്ത്രണം വിട്ട കാർ ഓട്ടോ സ്റ്റാൻഡിലേക്ക് ഇടിച്ചുകയറി മൂന്ന് പേർക്ക് പരിക്ക്. സ്കൂട്ടർ യാത്രികൻ ജോല്യരാജൻ, ഓട്ടോയിലുണ്ടായിരുന്ന ഡ്രൈവർമാർമാരായ രഘു, മണികണ്ഠൻ എന്നിവർക്കാണ് പരിക്കേറ്റത്.


സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com


# ടോമിൻ ജെ. തച്ചങ്കരി കുറ്റക്കാരനെന്ന് കണ്ടെത്തി വിജിലൻസ് കോടതി

കോട്ടയം: സംസ്ഥാന പോലീസ് ഉപമേധാവിയായിരുന്ന ടോമിൻ ജെ. തച്ചങ്കരി ഔദ്യോഗികപദവിയിലിരിക്കെ വരവിൽക്കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന കേസിൽ കുറ്റക്കാരനെന്ന് കണ്ടെത്തി. കോട്ടയം വിജിലൻസ് കോടതിയാണ് കേസിൽ വിധി പറഞ്ഞത്. എന്തെങ്കിലും പറയാനുണ്ടോയെന്ന ജഡ്ജിയുടെ ചോദ്യത്തിന് തനിക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടെന്ന് തച്ചങ്കരി മറുപടി നൽകി.



ഒറ്റയ്ക്കാണ് താമസിക്കുന്നതെന്നും രണ്ട് ദിവസം മുമ്പ് നെഞ്ച് വേദനയുണ്ടായെന്നും തച്ചങ്കരി പറഞ്ഞു. പരമാവധി ശിക്ഷ നൽകണമെന്ന് പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. ശിക്ഷ ഉച്ചയ്ക്ക് രണ്ട് മണിയോടെ വിധിക്കും. പരമാവധി ഏഴു വർഷം വരെ തടവ് ശിക്ഷ ലഭിച്ചേക്കും.

2013–ൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം നൽകിയ കേസാണ്. സമയബന്ധിതമായി വിചാരണ പൂർത്തിയാക്കണമെന്ന ഹൈക്കോടതിയുത്തരവിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കോടതി നടപടി പൂർത്തിയാക്കിയത്. 2003 ജനുവരിമുതൽ 2007 ജൂലായ് വരെയുള്ള ഔദ്യോഗികകാലയളവിൽ 64.70 ലക്ഷം രൂപയുടെ അനധികൃതസ്വത്ത് സമ്പാദിച്ചെന്നായിരുന്നു കേസ്. വിജിലൻസ് നടത്തിയ പരിശോധനയിൽ ഇത്രയും തുകയ്ക്കുള്ള ചെലവ് കണ്ടെത്തിയെങ്കിലും, അതിനുള്ള വരവ് കാണിക്കാൻ തച്ചങ്കരിക്ക് കഴിഞ്ഞില്ല.

പരിശോധനാ കാലയളവിൽ 135.80 ശതമാനം സ്വത്ത് വരവിൽക്കവിഞ്ഞ് സമ്പാദിച്ചതായാണ് അന്വേഷണസംഘം കണ്ടെത്തിയത്. 2007–ൽ തച്ചങ്കരി ഡി.ഐ.ജി.യായി സ്ഥാനക്കയറ്റം കിട്ടിയശേഷം ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലായിരുന്നു അന്വേഷണം. കുറ്റപത്രം സമർപ്പിക്കുമ്പോൾ തച്ചങ്കരി സംസ്ഥാന പോലീസ് ഉപമേധാവിയായി ഉയർന്നിരുന്നു.

ആഭ്യന്തരവകുപ്പ് മുൻ ജോ. സെക്രട്ടറിയെയടക്കം പ്രോസിക്യൂഷൻ സാക്ഷികളായി വിസ്തരിച്ചു. മുൻ അഡീഷണൽ ചീഫ് സെക്രട്ടറി, മുൻ അഡീഷണൽ ഡി.ജി.പി., ഇൻകംടാക്സ് ഉദ്യോഗസ്ഥർ, തച്ചങ്കരിയുടെ സഹോദരി എന്നിവരെ പ്രതിഭാഗം സാക്ഷികളായി വിസ്തരിച്ചു. സർവീസിലിരിക്കെ വീടുകൾ, ഫ്ളാറ്റുകൾ, വസ്തുവകകൾ തുടങ്ങിയവ വരുമാനത്തിന് നിരക്കാത്തവിധം സമ്പാദിച്ചെന്നുകാട്ടി ബോബി കുരുവിള നൽകിയ പരാതിയിലാണ് അന്വേഷണം നടത്തിയത്.

സ്വത്തുവകകൾ കുടുംബവിഹിതമായും ഇഷ്ടദാനമായും ലഭിച്ചതാണെന്നും, കേസ് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ടോമിൻ ജെ. തച്ചങ്കരി നൽകിയ വിടുതൽ ഹർജിയിൽ, കുറ്റപത്രം നിലനിൽക്കുമെന്ന് കണ്ടെത്തി കോടതി നേരത്തേ തള്ളിയിരുന്നു. കേസിൽ ജൂൺ 30–നുമുൻപായി വിധി പറയണമെന്ന് ഹൈക്കോടതി വിജിലൻസ് കോടതിക്ക് നിർദേശം നൽകിയിരുന്നെങ്കിലും, പിന്നീട് സെപ്റ്റംബർ 30 വരെ നീട്ടിനൽകി. കേസിന്റെ വിചാരണയ്ക്കിടെ, ഔദ്യോഗികപദവയിലിരിക്കെ ഉപയോഗിച്ചിരുന്ന മൂന്ന് നക്ഷത്രചിഹ്നം പതിച്ച ബോർഡുവെച്ച സ്വകാര്യകാറിൽ കോട്ടയം വിജിലൻസ് കോടതിയിൽ തച്ചങ്കരി എത്തിയത് വിവാദമായിരുന്നു.

കോട്ടയം എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കെ.വി. രജനീഷാണ് കേസ് പരിഗണിച്ചത്. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. കെ.കെ. ശ്രീകാന്താണ് ഹാജരായത്.

## പാർട്ടിക്കെതിരായി മത്സരിക്കാൻ പോയവരുടെ കാര്യം വ്യത്യസ്തം – എം.എ. ബേബി

ആലപ്പുഴ: പാർട്ടി വിട്ടുപോയവരെ സിപിഎമ്മിലേക്ക് കൊണ്ടുവരാനാണ് ശ്രമിക്കുന്നതെന്ന് സിപിഎം ജനറൽ സെക്രട്ടറി എം.എ. ബേബി. തിരഞ്ഞെടുപ്പ് സമയത്ത് പാർട്ടിക്കെതിരായി മത്സരിക്കാൻ പോയവരുടെ കാര്യം വ്യത്യസ്തമാണെന്നും, അവർ നിലപാട് പുനഃപരിശോധിച്ച് തെറ്റ് തിരുത്തി തിരികെ വരാൻ താല്പര്യം പ്രകടിപ്പിച്ചാൽ ആ സമയത്ത് പാർട്ടി അത് ആലോചിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

പാർട്ടി വിട്ടുപോയവർ തങ്ങൾ ചെയ്തത് ശരിയല്ലെന്ന് ബോധ്യപ്പെട്ട് തിരികെ വരികയും സഹകരിക്കുകയും ചെയ്ത അനുഭവങ്ങളുണ്ട്. കെ.ആർ. ഗൗരിയമ്മ അവസാനകാലത്ത് പാർട്ടിയോട് സഹകരിച്ചതും, എം.വി. രാഘവൻ വിട്ടുപോയ ശേഷം തിരികെ വന്ന് സഹകരിച്ചതും ഇതിന് ഉദാഹരണങ്ങളാണ്.

റിപ്പോർട്ടർ ടിവിയിൽ നടന്ന റെയ്ഡ് ശരിയല്ലെന്നും മെസി വിവാദത്തിലാണ് കേസെങ്കിൽ അത് വേറെ അന്വേഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. കുറ്റം ചെയ്തവരെ അറസ്റ്റ് ചെയ്യുന്നതിൽ ആക്ഷേപമില്ല. മാധ്യമ സ്ഥാപനത്തിലെ ഉടമ തെറ്റ് ചെയ്തെങ്കിൽ അതിനെ അങ്ങനെ നേരിടണം. അതിന്റെ മറവിൽ ഒരു മാധ്യമ സ്ഥാപനത്തെ ആക്രമിക്കുന്നത് ശരിയല്ല. ഇതിനെ മാധ്യമങ്ങൾ ഒറ്റക്കെട്ടായി നേരിടണം. ഏതെങ്കിലും പഴുത് ഉപയോഗിച്ച് മാധ്യമ സ്ഥാപനത്തെ ആക്രമിക്കാൻ പാടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# യു.എസും ഹൂതികളും തമ്മിൽ രഹസ്യചർച്ച; കപ്പലുകളെ ആക്രമിക്കരുതെന്ന് ആവശ്യപ്പെട്ടു

സൻആ: ചെങ്കടൽ തീരപ്രദേശങ്ങൾ പിടിച്ചെടുത്തതിന് പിന്നാലെ യമനിലെ ഹൂതി പ്രതിനിധികൾ ഗൾഫ് രാജ്യത്തെ യു.എസ് എംബസിയിൽ അമേരിക്കൻ ഉദ്യോഗസ്ഥരുമായി രഹസ്യ ചർച്ച നടത്തി. കഴിഞ്ഞ വാരാന്ത്യത്തിലായിരുന്നു കൂടിക്കാഴ്ച നടന്നതെന്ന് അഞ്ച് ഉദ്യോഗസ്ഥർ സ്ഥിരീകരിച്ചു. സൗദി അറേബ്യക്കെതിരായ ആക്രമണങ്ങൾ ശക്തമായിരിക്കുന്നതിനിടയിലാണ് ഈ നിർണായക വിവരം പുറത്തുവന്നിരിക്കുന്നത്.



ഗൾഫിലെ യു.എസ് എംബസിയിൽ നടന്ന ചർച്ചയിൽ ഹൂതികളുടെ മുതിർന്ന ഉദ്യോഗസ്ഥരായ മുഹമ്മദ് അബ്ദുൽ സലാം, അബ്ദുൽമാലിക് അൽ അജിരി എന്നിവർ പങ്കെടുത്തതായി റിപ്പോർട്ടുണ്ട്. കൂടിക്കാഴ്ചയിൽ അമേരിക്കൻ കപ്പലുകളെ ലക്ഷ്യമിടാൻ ഉദ്ദേശ്യമില്ലെന്നും 2025ലെ യു.എസ് വെടിനിർത്തൽ കരാറിനോട് പ്രതിജ്ഞാബദ്ധരാണെന്നും ഹൂതികൾ വ്യക്തമാക്കിയതായി രണ്ട് വൃത്തങ്ങൾ അറിയിച്ചു. സൗദി അറേബ്യയുടേത് ഒഴികെയുള്ള, ഇസ്രയേലിന്റേതടക്കം മറ്റ് കപ്പലുകളെയോ വാണിജ്യ കപ്പലുകളെയോ തങ്ങൾ ആക്രമിക്കില്ലെന്നും ഹൂതി സംഘം ഉറപ്പുനൽകിയതായി യമൻ വൃത്തങ്ങളും വ്യക്തമാക്കി.

എന്നാൽ യു.എസുമായുള്ള ചർച്ചകൾ നടക്കുമ്പോഴും യമൻ സർക്കാർ സേനയും ഹൂതികളും തമ്മിലുള്ള ഏറ്റുമുട്ടൽ തുടരുകയാണ്. സൗദിയിലെ യാൻബുവിലുള്ള അരാംകോ എണ്ണക്കമ്പനിയുടെ കേന്ദ്രത്തിന് നേരെയും ഖാമിസ് മുഷൈത് വ്യോമതാവളത്തിന് നേരെയും മിസൈൽ–ഡ്രോൺ ആക്രമണങ്ങൾ നടത്തിയതായി ഹൂതി സൈനിക വക്താവ് യഹ്യ സരി സ്ഥിരീകരിച്ചു. യമൻ സേന കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ വ്യോമാക്രമണങ്ങൾക്ക് മറുപടിയായാണ് ഈ നടപടിയെന്നും സൗദിയുടെ എഫ്–15 യുദ്ധവിമാനം വെടിവെച്ചിട്ടതായും ഹൂതി സൈനിക വക്താവ് അവകാശപ്പെട്ടു.

അതേസമയം, മക്ക ലക്ഷ്യമിട്ട് ഹൂതികൾ ഡ്രോൺ ആക്രമണം നടത്തിയെന്ന സൗദിയുടെ ആരോപണത്തെ ഹൂതികൾ നിഷേധിച്ചു. സൗദിയുടെ വാദം നുണയാണെന്നും വിശുദ്ധ നഗരത്തിനോ മറ്റ് ഇസ്ലാമിക പുണ്യസ്ഥലങ്ങൾക്കോ യമനിൽ നിന്ന് യാതൊരു ഭീഷണിയുമില്ലെന്ന് ഹൂതികൾ വ്യക്തമാക്കി.

സംഭവത്തെ സൗദിയും അറബ് ലീഗും ഖത്തറും ശക്തമായി അപലപിച്ചിട്ടുണ്ട്. രാജ്യത്തിന്റെയും വിശുദ്ധ കേന്ദ്രങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ എന്തു നടപടിയും സ്വീകരിക്കുമെന്ന് സൗദി വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

## ഓപ്പറേഷൻ തൂഫാൻ; എംഡിഎംഎ ഉപയോഗിക്കുന്നതിനിടെ തൊടുപുഴ മുൻ നഗരസഭ ചെയർമാൻ സനീഷ് ജോർജ് പിടിയിൽ

തൊടുപുഴ: ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടന്ന പരിശോധനയിൽ നഗരസഭ മുൻ ചെയർമാൻ പിടിയിലായി. തൊടുപുഴ നഗരസഭ മുൻ ചെയർമാൻ സനീഷ് ജോർജിനെയാണ് എംഡിഎംഎ ഉപയോഗിക്കുന്നതിനിടെ പോലീസ് പിടികൂടിയത്. ഇന്ന് രാവിലെയാണ് ഡിവൈഎസ്പിയുടെ പ്രത്യേക സംഘം ഇയാളെയും കൂടെയുണ്ടായിരുന്ന മറ്റൊരാളെയും കസ്റ്റഡിയിലെടുത്തത്. പാതയോരത്ത് രാസലഹരി ഉപയോഗം നടക്കുന്നുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പോലീസിന്റെ പരിശോധന.

പരിശോധനയ്ക്കെത്തിയ സമയം ഇരുവരും ലഹരി ഉപയോഗിച്ചു കഴിഞ്ഞിരുന്നതിനാൽ ഇവരുടെ കൈവശത്തുനിന്ന് നേരിട്ട് എംഡിഎംഎ കണ്ടെത്താനായില്ല. എന്നാൽ എംഡിഎംഎ സൂക്ഷിച്ചിരുന്ന കവറും ഇത് ഉപയോഗിക്കാൻ ഉപയോഗിച്ച പൈപ്പും സംഭവസ്ഥലത്തുനിന്ന് പോലീസ് കണ്ടെടുത്തിട്ടുണ്ട്. രാസലഹരി ഉപയോഗിച്ചതിന് ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും, ഇത് ജാമ്യം ലഭിക്കാവുന്ന കുറ്റമായതിനാൽ പ്രാഥമിക നടപടികൾ പൂർത്തിയാക്കി ഇവരെ ജാമ്യത്തിൽ വിടുമെന്ന് പോലീസ് അറിയിച്ചു.

ലഹരി ഉപയോഗത്തിന് പുറമെ സനീഷ് ജോർജിന് എംഡിഎംഎ വിൽപനയോ വ്യാപാരമോ ഉണ്ടായിരുന്നോ എന്ന കാര്യവും പോലീസ് പരിശോധിച്ചുവരികയാണ്. ഇയാളുടെ മൊബൈൽ ഫോണിൽ നിന്ന് പണമിടപാടുകളുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജാമ്യത്തിലിറങ്ങിയാലും ഇയാൾക്കെതിരെ തുടർ നടപടികൾ ഉണ്ടാകും.

കഴിഞ്ഞ ഭരണസമിതിയുടെ കാലയളവിലാണ് സനീഷ് ജോർജ് തൊടുപുഴ നഗരസഭാ ചെയർമാനായത്. കോൺഗ്രസ് പ്രവർത്തകനായിരുന്ന ഇയാൾ പാർട്ടിയിലെ പ്രശ്നങ്ങളെ തുടർന്ന് വിമതനായി മത്സരിച്ച് വിജയിക്കുകയും ഇടതുമുന്നണിയുടെ പിന്തുണയോടെ അധ്യക്ഷ സ്ഥാനത്ത് എത്തുകയുമായിരുന്നു. തുടർന്ന് കൈക്കൂലി ആരോപണം ഉയർന്നതോടെ രാജിവെച്ച് പുറത്തുപോയ ഇയാൾ, നിലവിൽ എൽഡിഎഫ് ബന്ധം ഉപേക്ഷിച്ച് കോൺഗ്രസ് പ്രവർത്തകനായി തുടരുകയാണ്.

## മാസപ്പടി കേസ്; ഇഡിക്കെതിരെ ഗുരുതര ആരോപണങ്ങളുമായി ശശിധരൻ കർത്ത, മൊഴി പിൻവലിച്ചു

കൊച്ചി: മാസപ്പടി കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് (ഇഡി) നൽകിയ മൊഴി പിൻവലിച്ച് സിഎംആർഎൽ എംഡി ശശിധരൻ കർത്ത. ഇഡിക്കെതിരെ അതീവ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മൊഴി പിൻവലിക്കാൻ കോടതിയിൽ അപേക്ഷ നൽകിയിരിക്കുന്നത്. ശശിധരൻ കർത്തയ്ക്ക് വേണ്ടി അദ്ദേഹത്തിന്റെ സഹോദരൻ അജിത് സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പാണ് ഇപ്പോൾ ഒരു മാദ്ധ്യമം പുറത്തുവിട്ടിരിക്കുന്നത്.



2024 മേയ് 15നാണ് മൊഴി പിൻവലിക്കാനുള്ള അപേക്ഷ നൽകിയത്. ചോദ്യം ചെയ്യലിനിടെ ഇഡി ഉദ്യോഗസ്ഥർ ക്രൂരമായി പെരുമാറിയെന്നാണ് സത്യവാങ്മൂലത്തിൽ പറയുന്നത്. മോശം ആരോഗ്യാവസ്ഥയിലായിരുന്നിട്ടും കർത്തയെ നിർബന്ധിച്ച് ചോദ്യം ചെയ്യുകയാണുണ്ടായതെന്നും ആരോപണമുണ്ട്. ചോദ്യം ചെയ്യലിന്റെ ഘട്ടത്തിൽ കർത്തയുടെ വിരലടയാളം ബലം പ്രയോഗിച്ച് പതിപ്പിച്ചുവെന്നും സത്യവാങ്മൂലത്തിൽ ആരോപിക്കുന്നു.

മാസപ്പടിക്കേസിൽ രാഷ്ട്രീയ നേതാക്കൾക്കെതിരെ മൊഴി നൽകാൻ ഇ.ഡി ഭീഷണിപ്പെടുത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തെന്ന് ആരോപിച്ച് കൂടുതൽ പേർ സത്യവാങ്മൂലം തിരുത്താൻ അപേക്ഷ നൽകിയിട്ടുണ്ട്.

സിഎംആർഎൽ മുൻ ചീഫ് ഫിനാൻഷ്യൽ ഓഫീസർ കെ. സുരേഷ്കുമാർ, നിലവിലെ ജനറൽ മാനേജർ മനോഹർദാസ് എന്നിവർ തിരുത്തൽ സത്യവാങ്മൂലം സമർപ്പിച്ചു. ഭീഷണിയെ തുടർന്നുള്ളതാണ് മുമ്പ് നൽകിയ മൊഴി എന്നാണ് ഇവർ ഇപ്പോൾ പറയുന്നത്. മൊഴി രേഖപ്പെടുത്തിയ പേജിൽ സ്ഥലം ഒഴിച്ചിട്ടെന്നും പിന്നീട് എഴുതിച്ചേർത്തെന്നും ആരോപിച്ചു. കോഴിക്കോട്ടെ റെയ്ഡിനിടെ മുഹമ്മദ് റിയാസിന്റെ സുഹൃത്ത് ഹസൻ വാരിസ് നൽകിയ മൊഴിയും തിരുത്താൻ ഇഡിക്ക് സത്യവാങ്മൂലം ലഭിച്ചിരുന്നു.

മകളെ കേസിൽപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി പേരുകൾ പറയിച്ചെന്നാണ് വാരിസ് ആരോപിച്ചത്. തിരുത്തൽ സത്യവാങ്മൂലം സംബന്ധിച്ച് ഇഡി ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല. സാക്ഷികൾക്ക് ഇതിന് അവകാശമുണ്ടെന്നും അംഗീകരിക്കണോയെന്ന് അന്വേഷണ ഉദ്യോഗസ്ഥർ തീരുമാനിക്കുമെന്നുമാണ് ഇ.ഡി വൃത്തങ്ങൾ പറയുന്നത്.

## ഓപ്പറേഷൻ സോഹൻ'; ഉധംപൂരിൽ രണ്ട് ഭീകരർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു

ഉധംപുർ: ജമ്മു കാശ്മീരിലെ ഉധംപുർ ജില്ലയിൽ സുരക്ഷാസേന നടത്തിയ രാത്രികാല ദൗത്യത്തിൽ രണ്ട് ഭീകരർ കൊല്ലപ്പെട്ടു. ഇന്നലെ രാത്രി വൈകിയാണ് ഓപ്പറേഷൻ സോഹൻ എന്ന് പേരിട്ട സംയുക്ത ദൗത്യം നടന്നത്. ഉധംപുരിലെ ബ്രട്ടാൽ മേഖലയിൽ ഭീകരരുടെ സാന്നിധ്യമുണ്ടെന്ന രഹസ്യവിവരം ലഭിച്ചതിനെ തുടർന്നാണ് സുരക്ഷാസേന തിരച്ചിൽ ആരംഭിച്ചത്.

സൈന്യത്തിനൊപ്പം ജമ്മു കാശ്മീർ പോലീസ്, സിആർപിഎഫ് എന്നിവരും ദൗത്യത്തിന്റെ ഭാഗമായിരുന്നു. പ്രദേശത്ത് സംശയാസ്പദമായ നീക്കം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സുരക്ഷാസേന മേഖല വളയുകയായിരുന്നു. തിരച്ചിലിനിടെ ഭീകരർ സുരക്ഷാസേനയ്ക്കു നേരെ വെടിയുതിർത്തു. ഇതോടെ ഏറ്റുമുട്ടൽ ആരംഭിച്ചു. രാത്രിയിൽ ഏതാനും വെടിയൊച്ചകളും സ്ഫോടനശബ്ദങ്ങളും കേട്ടതായി റിപ്പോർട്ടുകളുണ്ട്.

പിന്നീട് വെടിവെപ്പ് നിലച്ചുവെങ്കിലും ഇന്ന് രാവിലെ ഭീകരർ വീണ്ടും വെടിയുതിർത്തു. തുടർന്ന് സുരക്ഷാസേന ശക്തമായി തിരിച്ചടിച്ചു. ഈ ഏറ്റുമുട്ടലിലാണ് രണ്ട് ഭീകരർ കൊല്ലപ്പെട്ടത്. ഭീകരർ കൊല്ലപ്പെട്ടതായി സൈന്യത്തിന്റെ ജമ്മു ആസ്ഥാനമായ വൈറ്റ് നൈറ്റ് കോർപ്സ് സ്ഥിരീകരിച്ചു. കനത്ത മഴയും ദുഷ്കരമായ ഭൂപ്രകൃതിയും മോശം ദൃശ്യതയും നിലനിന്നിരുന്ന സാഹചര്യത്തിലായിരുന്നു ഓപ്പറേഷൻ. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും സുരക്ഷാസേന വിജയകരമായി തിരിച്ചടിച്ചു.

കൊല്ലപ്പെട്ട ഭീകരരിൽനിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെത്തിയതായും സുരക്ഷാസേന അറിയിച്ചു. ഇവരുടെ വ്യക്തിവിവരങ്ങൾ ഇതുവരെ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. പാകിസ്താൻ ആസ്ഥാനമായ ജയ്ഷെ മുഹമ്മദ് ബന്ധമുള്ളവരാണ് കൊല്ലപ്പെട്ട ഭീകരരെന്നാണ് റിപ്പോർട്ട്. അതേസമയം ഇക്കാര്യം ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല.

പ്രദേശത്ത് കൂടുതൽ ഭീകരർ ഒളിച്ചിരിക്കുന്നുണ്ടോയെന്ന് കണ്ടെത്തുന്നതിനായി സുരക്ഷാസേനയുടെ തിരച്ചിലും നിരീക്ഷണവും തുടരുകയാണ്. മേഖലയിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.

## സ്വർണവില ഇടിഞ്ഞു

തൃശ്ശൂർ: സംസ്ഥാനത്ത് സ്വർണവിലയിൽ കുറവ് രേഖപ്പെടുത്തി. 22 കാരറ്റ് സ്വർണം ഒരു ഗ്രാമിന് 55 രൂപയും പവന് 440 രൂപയുമാണ് കുറഞ്ഞത്. ഇതോടെ ഒരു ഗ്രാം സ്വർണത്തിന്റെ വില 14,010 രൂപയായും പവന് 1,12,080 രൂപയായും താഴ്ന്നു. ഇന്നലെ ഗ്രാമിന് 14,065 രൂപയിലും പവന് 1,12,520 രൂപയിലുമായിരുന്നു വ്യാപാരം നടന്നിരുന്നത്.

## കേരളത്തിലെ ആദ്യ ആദിവാസി കലക്ടർ; ചരിത്രം കുറിച്ച് ശ്രീധന്യ സുരേഷ്

കാസർകോട്: കാസർകോട് ജില്ലയുടെ ഇരുപത്തിയേഴാമത്തെ കലക്ടറായി ശ്രീധന്യ സുരേഷ് ചുമതലയേറ്റു. കേരളത്തിലെ പട്ടികവർഗത്തിൽ നിന്ന് ഐ.എ.എസ് നേടുന്ന ആദ്യത്തെ ആളും ജില്ലയുടെ ചരിത്രത്തിലെ രണ്ടാമത്തെ വനിതാ കലക്ടറുമാണ് അവർ.




വയനാട്ടിലെ പൊഴുതന പഞ്ചായത്തിലെ ഒരു കോളനിയിൽ കുറിച്യ സമുദായത്തിൽ ജനിച്ച് വളർന്ന ശ്രീധന്യ, 2018–ലെ സിവിൽ സർവീസ് പരീക്ഷയിൽ 410–ാം റാങ്ക് നേടി കേരള കേഡറിലേക്ക് നിയമിതയായി.

സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ദേവഗിരി കോളേജിൽ നിന്ന് സുവോളജിയിൽ ബിരുദവും കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് അപ്ലൈഡ് സുവോളജിയിൽ ബിരുദാനന്തര ബിരുദവും പൂർത്തിയാക്കി. പഠനശേഷം വയനാട്ടിലെ ട്രൈബൽ ടൂറിസം പ്രോജക്ടിൽ അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് ഐഎഎസ് നേടി.

രാവിലെ കലക്ടറേറ്റിലെത്തിയ ശ്രീധന്യ സുരേഷ് ഐ.എ.എസിനെ എ.ഡി.എം പി.ഉദയകുമാറിന്റെ നേതൃത്വത്തിൽ വരവേറ്റു. കലക്ടറുടെ ചേമ്പറിൽ ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ ബൊക്കെ നൽകി സ്വീകരിച്ചു. ഔദ്യോഗിക ചുമതല കൈമാറുന്ന രേഖകളിൽ ഒപ്പിട്ടു. തുടർന്ന് ശ്രീധന്യ സുരേഷ് ജില്ലാ കലക്ടറായി ചുമതലയേറ്റു.

# 'ഞങ്ങളുടെ വ്യാപാര, സാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കും'; യുഎസ് താരിഫ് ഭീഷണിയിൽ പ്രതികരിച്ച് ഇന്ത്യ

ന്യൂഡൽഹി: റഷ്യൻ എണ്ണ വാങ്ങുന്നതിന്റെ പേരിൽ ഇന്ത്യയടക്കമുള്ള രാജ്യങ്ങൾക്ക് തീരുവ ചുമത്താനുള്ള ട്രംപ് ഭരണകൂടത്തിന്റെ നീക്കത്തിന് യുഎസ് ജനപ്രതിനിധി സഭ അനുമതി നൽകിയ സാഹചര്യത്തിൽ നിലപാട് വ്യക്തമാക്കി കേന്ദ്ര വിദേശകാര്യ മന്ത്രാലയം. 'ഞങ്ങളുടെ വ്യാപാര-സാമ്പത്തിക താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും' എന്ന് മന്ത്രാലയം അറിയിച്ചു.



റഷ്യൻ എണ്ണയുടെ പ്രധാന അഞ്ച് ഉപഭോക്താക്കൾക്ക് മേൽ 100% വരെ തീരുവ ചുമത്താൻ ട്രംപ് ഭരണകൂടത്തെ അനുവദിക്കുന്ന വിപുലമായ ഉപരോധ ബിൽ യുഎസ് ജനപ്രതിനിധി സഭ പാസാക്കിയിരുന്നു. ഇന്ത്യ, ചൈന, സ്ലോവാക്യ, ഹംഗറി, അസർബൈജാൻ എന്നിവരാണ് റഷ്യൻ എണ്ണയുടെ പ്രധാന അഞ്ച് ഉപഭോക്താക്കൾ.

262–159 വോട്ടുകൾക്കാണ് ഈ രാജ്യങ്ങൾക്ക് 100% തീരുവ ചുമത്താനുള്ള ബിൽ യുഎസ് ജനപ്രതിനിധി സഭയിൽ പാസായത്. ബിൽ പാസാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ച കേന്ദ്ര വിദേശകാര്യ മന്ത്രാലയം ഈ വിഷയത്തിലെ തുടർന്നുള്ള സംഭവവികാസങ്ങൾ നിരീക്ഷിച്ചുവരികയാണെന്നും അറിയിച്ചു.

'നിരവധി മുൻ സന്ദർഭങ്ങളിൽ വ്യക്തമാക്കിയതുപോലെ, 140 കോടി ജനങ്ങളുടെ ഊർജ്ജ സുരക്ഷ ഉറപ്പാക്കാൻ ഇന്ത്യ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണ്. വൈവിധ്യമാർന്ന സ്രോതസ്സുകളിലൂടെയും മാറിക്കൊണ്ടിരിക്കുന്ന വിപണി സാഹചര്യങ്ങൾക്കനുസരിച്ചും രാജ്യം അത് തുടർന്നും നിർവ്വഹിക്കും' എന്നും മന്ത്രാലയം വ്യക്തമാക്കി.

വിഷയം വിവിധ യുഎസ് പ്രതിനിധികളുമായി കഴിഞ്ഞ മാസങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. ഉഭയകക്ഷി ബന്ധത്തിൽ മാത്രമല്ല, അന്താരാഷ്ട്ര ഊർജ്ജ വിപണിയിലും ഇത് ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ഇന്ത്യ വിശദീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

പ്രത്യാഘാതങ്ങളെ നേരിടാൻ ഭാരതീയ വ്യാപാര, വ്യവസായ സംഘടനകളുമായി ചേർന്ന് സർക്കാർ പ്രവർത്തിക്കുമെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു.


### കോടതി പരസ്യം

### ബഹു. തൃശ്ശൂർ മൂന്നാം അഡീഷണൽ ജില്ലാ കോടതി മുമ്പാകെ

OP (Guardian) 95/2026

തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, എടക്കളത്തൂർ വില്ലേജ്, പോന്നോർ ദേശം പിൻ – 680 552, മുതുപറമ്പിൽ വീട്ടിൽ മരിച്ച ബിജു എം.ആർ ഭാര്യയും പാമ്പുങ്ങൽ വീട്ടിൽ ശങ്കരൻ മകളും 40 വയസ്സ് ശരണ്യ

–ഹർജിക്കാരി

1) അഭിനവ് എം.ബി, 16 വയസ്സ്, S/o Late ബിജു എം.ആർ, മുതുപറമ്പിൽ ഹൗസ്, തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, എടക്കളത്തൂർ വില്ലേജ്, പോന്നോർ ദേശം, – 680 552, (DOB-04-09-2010)
2) ആർണവ് എം.ബി, 13 വയസ്സ്, S/o Late ബിജു എം.ആർ, മുതുപറമ്പിൽ ഹൗസ്, തൃശ്ശൂർ ജില്ല, തൃശ്ശൂർ താലൂക്ക്, എടക്കളത്തൂർ വില്ലേജ്, പോന്നോർ ദേശം, – 680 552, (DOB-31-08-2013)

–മൈനർമാർ

മേൽനമ്പ് ഹർജിപ്രകാരം തൃശ്ശൂർ താലൂക്ക് മറത്താക്കര വില്ലേജ് ദേശം പുത്തൂർ പഞ്ചായത്ത് സർവ്വെ നമ്പർ 616, സബ്ബ് ഡിവിഷൻ നമ്പർ 1 ൽ പ്പെട്ട 3.98 ആർ ഹർജി പട്ടികവഹകളും അതിലെ കുഴിക്കൂറുചമയങ്ങളും സകല അവകാശകൈവശങ്ങളും 1 ആർ ന് 5,06,880/ രൂപയിൽ കുറയാത്ത സംഖ്യയ്ക്ക് ഹർജി എ പട്ടികവഹകളിലെ മൈനർമാരുടെ 1/16 ഓഹരി അവകാശം (1,93,753/ രൂപ വീതം ഇരു മൈനർമാർക്കും ചേർന്ന് 3,87,500/ രൂപ) ഉൾപ്പെടെ തീറു വിൽക്കുന്നതിനും പ്രതിഫലം കൈപറ്റുന്നതിനും രജിസ്ട്രാഫീസുകളിലും മറ്റു അധികാരസ്ഥാപനങ്ങളിലും മൈനർമാർക്കുവേണ്ടി മേൽപ്രകാരമുള്ള തീറാധാരത്തിലും അനുബന്ധരേഖകളിലും മൈനർമാർക്കുവേണ്ടി ഒപ്പ് വെക്കുന്നതിനും അപ്രകാരം വഹകൾ തീറു വിറ്റു ലഭിയ്ക്കുന്ന തുകയിൽ മൈനർമാരുടെ 1/16 ഓഹരി അവകാശം (1,93,753/ രൂപ വീതം ഇരു മൈനർമാർക്കും ചേർന്ന് 3,87,500/ രൂപ) ടി മൈനർമാരുടെ പേരിൽ ടി മൈനർമാർ മേജറാകുന്നതുവരെ ഏതെങ്കിലും "nationalised"അല്ലെങ്കിൽ "scheduled Bank" ൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്യുന്നതിനു വേണ്ടിയും, ഹർജിപട്ടികവഹകളുടെ മാനേജരായി ഹർജിക്കാരിയെ നിയമിച്ചും ഹർജിമാർജിനിൽ പേരുവിവരം പറയുന്ന മൈനർ അഭിനവ് എം.ബി, ആർണവ് എം.ബി എന്നവരുടെ ദേഹത്തിന്റെയും സ്വത്തിന്റെയും രക്ഷിതാവായി (Guardian of property and person) ഹർജിക്കാരിയെ നിയമിച്ചും ഒരു ഉത്തരവ് ഉണ്ടാകുന്നതിനായി ബോധിപ്പിച്ച മേൽനമ്പ് കേസ് **23–10–2026** തിയ്യതിക്ക് വിചാരണയ്ക്ക് വെച്ചിട്ടുള്ളതും ഹർജി അനുവദിക്കുന്നതിന് തർക്കമുള്ളവർ അന്നേദിവസം രാവിലെ 11 മണിക്ക് തൃശ്ശൂർ മൂന്നാം അഡീഷണൽ ജില്ലാ കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 09-09-2026
ഹർജിഭാഗം അഡ്വക്കെറ്റ്
**പോൾ പോൾസൺ ടി** (ഒപ്പ്)



### കോടതി പരസ്യം

### ബഹു. തൃശ്ശൂർ നാലാം അഡീഷണൽ ജില്ലാ കോടതി മുമ്പാകെ

G.O.P 92/2026

1) തൃശ്ശൂർ താലൂക്ക്, അവിണിശ്ശേരി വില്ലേജ്, ദേശത്ത മുത്തിപീടിക വീട്ടിൽ ബിജു എം.ആന്റണി ഭാര്യ 43 വയസ്സ് മേരി PIN-680306
2) തൃശ്ശൂർ താലൂക്ക്, അവിണിശ്ശേരി വില്ലേജ്. ദേശത്ത്.മുത്തിപീടിക വീട്ടിൽ ബിജു. എം.ആന്റണി മകൾ 18 വയസ്സ് ഐശ്വര്യ ബിജു. (ജനനത്തീയതി 31–10–2007)

–ഹർജിക്കാർ

ഹർജിക്കാരിയുടെ മകളും ഹർജിക്കാരിയോടൊത്ത് താമസവുമായ അതുല്യ ബിജു. (ജനനത്തീയതി 12–11–2010)

–മൈനർ

മേൽ നമ്പർ കേസിലെ മൈനർ അതുല്യ ബിജു എന്ന കുട്ടിയുടെ ജീവനും, സ്വത്തിനും, രക്ഷിതാവായി പെറ്റമ്മയും ഉറ്റ ബന്ധുവുമായ ഹർജിക്കാരിയെ നിയമിച്ചും, ഹർജിക്കാർക്കും മൈനർ മകൾക്കും കൂടി സിദ്ധിച്ച തൃശൂർ സബ് രജിസ്ട്രി 857/2019 നമ്പർ ആധാര പ്രകാരം ഉള്ള ചിയാരം വില്ലേജ് സർവ്വേ 531/1 ൽ പെട്ട 1.82 ആർ പറമ്പും അതിലെ 14/143/2 നമ്പർ പുരയും ഉൾപ്പെട്ട വഹകളിൽ മൈനർക്കുള്ള 1/3 ഓഹരി അവകാശം വിൽപ്പന നടത്തുവാൻ ഹർജിക്കാരിയെ അനുവദിച്ചും, പട്ടികവഹകൾ വില്പന നടത്തുമ്പോൾ ലഭിക്കുന്ന തുകയിൽ നിന്ന് മൈനർക്ക് അവകാശപ്പെട്ട 1/3 ഓഹരിഭാഗം സംഖ്യയായ 7,58,333/ രൂപ അംഗീകൃത ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനും, മൈനറുടെ ഗാർഡിയൻ ആയി 1–ാം ഹർജിക്കാരിയെ നിയമിക്കുന്നതിനുംവേണ്ടി ബോധിപ്പിച്ച മേൽ നമ്പർ കേസ് **30–9–2026** തിയ്യതി വിചാരണയ്ക്ക് വെച്ചിട്ടുള്ളതും ഇക്കാര്യത്തിൽ ആർക്കെങ്കിലും എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ ആയത് അന്നേ ദിവസം രാവിലെ 11.00 മണിക്ക് കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം കേസ് വിചാരണ ചെയ്ത് മൈനറുടെ ഗാർഡിയനായി ഒന്നാം ഹർജിക്കാരിയെ നിയമിക്കുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 09–09–2026
ഹർജി ഭാഗം അഡ്വക്കേറ്റ്:
**പ്രീത വി.എസ്** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



# തൃശ്ശിവപേരൂർ സംയുക്ത സമിതിയുടെ ഗണേശോത്സവ ആഘോഷങ്ങൾക്ക് ഭക്തിസാന്ദ്രമായ തുടക്കം



തൃശൂർ : തൃശ്ശിവപേരൂർ ഗണേശോത്സവ സംയുക്ത സമിതിയുടെ ഗണേശോത്സവ ആഘോഷങ്ങൾ വടക്കുംനാഥ ക്ഷേത്ര മൈതാനിയിൽ പ്രത്യേക തയ്യാറാക്കിയ ഗണേശ മണ്ഡപത്തിൽ സമിതി മുഖ്യ രക്ഷാധികാരി പുത്തേഴത്ത് രാമചന്ദ്രനും ചെയർമാൻ കെ.പി. മനോജ് കുമറും മറ്റു വിശിഷ്ട അതിഥികളും ചേർന്ന് ഗണേശ വിഗ്രഹത്തിന്റെ മിഴി തുറക്കൽ നിർവഹിച്ചു. തുടർന്ന് യുവ മേള പ്രമാണി ജിതിൻ കല്ലാറ്റിന്റെ പ്രമാണത്തിൽ പാണ്ടിമേളം ആഘോഷത്തിന് താളപെരുമ്മ നൽകി. 'എന്റെ ഗണപതി' ചിത്രരചന മത്സരത്തിൽ നൂറിലേറെ വിദ്യാർഥികൾ പങ്കെടുത്തു.പ്രശസ്ത ആർട്ടിസ്റ്റ് നന്ദൻ പിള്ള ഗണപതിയുടെ ചിത്രം വരച്ച് ചിത്ര രചന മത്സരം ഉദ്ഘാടനം ചെയ്തു വിജയികൾക്ക് വിശിഷ്ട അതിഥികളായി പങ്കെടുത്ത തിരുവമ്പാടി ദേവസ്വം സെക്രട്ടറി കെ ഗിരീഷ് കുമാർ, വടക്കുംനാഥ ക്ഷേത്ര ഉപദേശക സമിതി സെക്രട്ടറി കെ . എ മനോജ് കുമാർ, കൗൺസിലർ പി. സുകുമാരൻ, ഡോ. രാജീവ്, ഹരികുമാർ, അനിൽ ദാമോദർ, ജസ്റ്റിൻ ജേക്കബ്, ബാലൻ കണിമംഗലത്ത്, പി.സന്തോഷ് കുമാർ, കെ വി . മധു, ചിന്തു സതീശൻ , സി.ജി. അശോകൻ, അനിൽകുമാർ, സതീഷ് വാരിക്കോട്, രമേശ് പാലിയേക്കര, ടി. ആർ. സതീശൻ , കെ. കേശവദാസ്, ബിജു ആട്ടോർ തുടങ്ങിയവർ സമ്മാനദാനം നിർവഹിച്ചു.ഗണേശ മണ്ഡപത്തിൽ ഇന്ന് വൈകിട്ട് 6.30 ന് ശിവഭാരതി ഭജൻസിന്റെ ഭക്തി ഗാനസുധ അരങ്ങേറും.



# ആന്റോ അഗസ്റ്റിന്റെ വീട്ടിൽ വ്യാജമദ്യവും! 12.75 ലിറ്റർ പിടിച്ചെടുത്തതായി എക്സൈസ് റിപ്പോർട്ട്



കൊച്ചി: റിപ്പോർട്ടർ ടിവി എംഡി ആന്റോ അഗസ്റ്റിന്റെ വീട്ടിൽ നിന്നും വ്യാജമദ്യം പിടിച്ചെടുത്തതായി എക്സൈസ് റിപ്പോർട്ട്. 12.75 ലിറ്റർ വ്യാജമദ്യം പിടിച്ചെടുത്തെന്നാണ് എക്സൈസ് ക്രൈം ആൻഡ് ഒക്ക്യുറൻസ് റിപ്പോർട്ടിൽ ഉള്ളത്. സംസ്ഥാന സർക്കാരിന്റെ അനുമതിയും ലൈസൻസുമില്ലാതെ നിയമവിരുദ്ധമായി മദ്യം സൂക്ഷിച്ചുവെന്നും റിപ്പോർട്ടിൽ പറയുന്നു.

വീടിന്റെ ഒന്നാം നിലയിലെ മുറിയിൽ നിന്നാണ് മദ്യം കണ്ടെടുത്തത്. 1077-ലെ കേരള അബ്കാരി ആക്ട് കപ്രകാരം അനധികൃതമായി മദ്യം സൂക്ഷിക്കുകയും കടത്തുകയും ചെയ്തതിന് സെക്ഷൻ 55(എ), വിൽപനയ്ക്കായി മദ്യം സൂക്ഷിച്ചുവെച്ചതിന് സെക്ഷൻ 55(ഐ), വ്യാജമദ്യം കയ്യിൽ വെച്ചതിന് സെക്ഷൻ 58 എന്നിവയാണ് ചുമത്തിയിട്ടുള്ളത്. ഇത്രയും അധികം മദ്യം സൂക്ഷിച്ചു വെച്ചതിനെ തുടർന്ന് ജാമ്യമില്ലാ വകുപ്പുകളാണ് കേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കേസിൽ ആന്റോ അഗസ്റ്റിനെ മാത്രം പ്രതിയാക്കിയാണ് എക്സൈസ് ഒക്കറൻസ് റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

പിടിച്ചെടുത്ത മദ്യത്തിന്റെ കൃത്യമായ വിവരങ്ങൾ എക്സൈസ് പുറത്തുവിട്ട പ്രഥമ വിവര റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. 12.75 ലിറ്ററിലധികം വരുന്ന വ്യാജമദ്യത്തിന് (ആൽക്കഹോൾ അടങ്ങിയ പാനീയം) പുറമെ 43 ലിറ്ററിലധികം വരുന്ന ഫോറിൻ മെയ്ഡ് ഫോറിൻ ലിക്കറും, ഒരു ലിറ്ററിലധികം വരുന്ന ഫോറിൻ മെയ്ഡ് ഫോറിൻ വൈനും, 6 ലിറ്ററിലധികം വരുന്ന കെ.എസ്.ബി.സി. വൈനുമാണ് വീട്ടിൽ നിന്ന് കണ്ടെടുത്തത്.

കേസുമായി ബന്ധപ്പെട്ട് 27 പേജ് അടങ്ങുന്ന വിശദമായ ഒക്കറൻസ് റിപ്പോർട്ടാണ് എക്സൈസ് സംഘം തയ്യാറാക്കിയിരിക്കുന്നത്. വീട്ടിലെ ഓരോ സ്ഥലത്തുനിന്നും പിടിച്ചെടുത്ത മദ്യക്കുപ്പികളുടെ വിവരങ്ങളും അവയുടെ ലേബലുകളും കൃത്യമായി ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആന്റോ അഗസ്റ്റിന്റെ അറസ്റ്റ് രേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കുമെന്നും തുടർനടപടികളുമായി മുന്നോട്ട് പോകുമെന്നും എക്സൈസ് സംഘം വ്യക്തമാക്കി.

## പ്രകാശനം ചെയ്തു

തൃശൂർ ശ്രീ സി അച്യുത മേനോൻ ഗവ. കോളേജ് മാഗസിൻ പ്രശസ്ത സിനിമാ സംവിധായകൻ ടോം ഇമ്മട്ടി പ്രകാശനം ചെയ്തു. അദ്ദേഹത്തിന്റെ വരാനിരിയ്ക്കുന്ന പെരുന്നാൾ എന്ന സിനിമയുടെ ഷൂട്ടിംഗ് തിരക്കിനിടയിലാണ് ഇന്ന് മാഗസിൻ പ്രകാശനത്തിനായി ഓടിയെത്തിയത്. കോളേജ് പ്രിൻസിപ്പൽ ഇൻചാർജ് ഡോ. ഡിംപി വി ദിവാകരൻ കോളേജ് മാഗസിൻ എഡിറ്റർ അമൃത സജയനിൽ നിന്ന് ആദ്യ പ്രതി ഏറ്റുവാങ്ങി. കോളേജ് ചെയർ പേഴ്സൺ മാളവിക ടി എസ് അധ്യക്ഷത വഹിച്ചു. ഡോ. ഉണ്ണികൃഷ്ണൻ തെക്കേപ്പാട്ട്, ഡോ. എൽദോസ് കെ.വി., ഡോ. പ്രിയ രവിനാഥ്, ഡോ. മനു മാധവ് എന്നിവർ സംസാരിച്ചു.



അശ്വതി തിരുനാൾ ഗൗരി പാർവതി ഭായി തമ്പുരാട്ടിക്ക് 'യൂണിവേഴ്സൽ ഗുരു' എന്ന പുസ്തകം രചയിതാവ് ഡോക്ടർ എസ്. മോഹൻദാസ് കവടിയാർ കൊട്ടാരത്തിൽ വച്ച് സമർപ്പിക്കുന്നു. ചലച്ചിത്ര പിന്നണി ഗായകൻ പട്ടം സനിത്ത് സമീപം

# യുഡിഎഫ് സർക്കാർ കേരളത്തെ അന്ധകാരപൂരിതമാക്കി -അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി

ആമ്പല്ലൂർ: ഇടതുപക്ഷ സർക്കാരിന്റെ പത്തുവർഷ ഭരണകാലഘട്ടം നൂറുകണക്കിന് ഹൈമാസ്റ്റ് ലൈറ്റുകളും പവർകട്ട് രഹിതവുമായി കേരളം പ്രകാശപൂരിതമായിരുന്നെങ്കിൽ യുഡിഎഫ് സർക്കാർ അപ്രഖ്യാപിതവും നിരന്തരവുമായ പവർകട്ടിലൂടെ കേരളത്തെ അന്ധകാര പൂരിതമാക്കിയെന്ന് രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി തൃശ്ശൂർ ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ആരോപിച്ചു.

പവർകട്ട് ഇല്ലാതാക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കാതെ ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കാതെ കേരളത്തിലെ ജനങ്ങളെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ് യുഡിഎഫ് സർക്കാർ. രോഗികളും പ്രൊഫഷണൽ കളും വിദ്യാർത്ഥികളും ചെറുകിട വ്യവസായികളും വ്യാപാരികളും വയോജനങ്ങളും പവർ കട്ടിൽ ദുരിതമനുഭവിക്കുന്നു

ഗ്രൂപ്പ് വഴക്കിലാണ് കോൺഗ്രസുകാർ ശ്രദ്ധിക്കുന്നത് ഗ്രൂപ്പ് വഴക്കിൽ മുഖ്യമന്ത്രിയും മന്ത്രിമാരും തമ്മിൽ ഏകോപനം ഇല്ലാത്തതിനാൽ കേരളത്തിൽ ഭരണമല്ല ഭരണസ്തംഭനം ആണുള്ളത്.

# മാർ ആൻഡ്രൂസ് താഴത്ത് തലോർ ഉണ്ണിമിശിഹാ ഇടവകയിൽ ഇടയസന്ദർശനം നടത്തും

തലോർ: തലോർ ഉണ്ണിമിശിഹാ ഇടവക ദൈവാലയത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സെപ്റ്റംബർ 27നു ഇടയസന്ദർശനം നടത്തും. ഇടവകയുടെ ആത്മീയവും സാമൂഹികവുമായ വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഇടവകാംഗങ്ങളുമായി സംവദിക്കുന്നതിനുമായാണ് സന്ദർശനം സംഘടിപ്പിച്ചിരിക്കുന്നത്.

ഇടവകാതിർത്തിയിൽ വാഹന അകമ്പടിയോടെ ആർച്ച് ബിഷപ്പിന് സ്വീകരണം നൽകും. തുടർന്ന് വികാരിയച്ചന്റെ നേതൃത്വത്തിൽ അദ്ദേഹത്തെ ദൈവാലയാങ്കണത്തിലേക്ക് സ്വീകരിക്കും. ഇടയസന്ദർശന പ്രാർത്ഥനയിലും പ്രദക്ഷിണത്തിലും പങ്കെടുക്കുന്ന ആർച്ച് ബിഷപ്പ് കാഴ്ചവയ്പ്പിനും തിരിതെളിയിക്കലിനും ശേഷം വിശുദ്ധ കുർബാന അർപ്പിക്കുകയും ഔദ്യോഗിക ആശീർവാദം നൽകുകയും ചെയ്യും. തുടർന്ന് സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥന നടത്തും.

തുടർന്ന് മതബോധന വിദ്യാർത്ഥികൾ, അൾത്താര സംഘം, തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി. എന്നീ കുട്ടികളുടെ സംഘടനകളുമായി ആർച്ച് ബിഷപ്പ് കൂടിക്കാഴ്ച നടത്തും. സമർപ്പിതരുമായും യുവജന സംഘടനകളായ ഗജഥഭ, CLC, Jesus Youth എന്നിവയുമായും അദ്ദേഹം സംവദിക്കും.

മാതൃവേദി, Legion of Mary, പ്രാർത്ഥനാ ഗ്രൂപ്പുകൾ, കാറ്റിക്കിസം അധ്യാപകർ, കാറ്റിക്കിസം പി.ടി.എ., ഗായകസംഘം, ദർശന സമൂഹം, വിൻസെന്റ് ഡി പോൾ തുടങ്ങിയ വിവിധ സംഘടനകളുടെ പ്രതിനിധികളുമായും കൂടിക്കാഴ്ച നടക്കും. പ്രത്യേക പരിപാടിയായി ജീവൻജ്യോതി, എ.കെ.സി.സി. എന്നിവയുടെ ഉദ്ഘാടനവും നടത്തും.

ഉച്ചഭക്ഷണത്തിനു ശേഷം മേഖലാ അടിസ്ഥാനത്തിലുള്ള കുടുംബസമ്മേളനങ്ങളിലും രോഗിസന്ദർശനങ്ങളിലും ആർച്ച് ബിഷപ്പ് പങ്കെടുക്കും. വൈകുന്നേരം നടക്കുന്ന പ്രതിനിധിയോഗത്തിൽ പങ്കെടുത്ത് സമാപനസന്ദേശം നൽകും.ഇടയസന്ദർശനത്തിൽ എല്ലാ ഇടവകാംഗങ്ങളും പ്രാർത്ഥനാപൂർവം പങ്കെടുക്കണമെന്ന് ഇടവക ഭാരവാഹികൾ അഭ്യർത്ഥിച്ചു.

# കാറ്ററിംഗ് ഇവന്റ് മേഖലകളിലെ തട്ടിപ്പുകാരെ തിരിച്ചറിയുക: കേറ്ററിംഗ് ആൻഡ് ഹോട്ടൽ വർക്കേഴ്സ് യൂണിയൻ

എറണാകുളം : കഴിഞ്ഞ ദിവസങ്ങളിൽ കോട്ടയം കഞ്ഞിക്കുഴിയിലും മുണ്ടക്കയത്ത് ചോറ്റിയിലും നടന്ന വിവാഹ ചടങ്ങുകൾക്ക് ഭക്ഷണവും മറ്റ് ആവശ്യമായ സേവനങ്ങളും ചെയ്യാമെന്ന് ഏറ്റിട്ട് ഭക്ഷണം കൊടുക്കാതെയും ആവശ്യമായ സ്റ്റേജ് മറ്റ് സംവിധാനങ്ങളൊരുക്കാതെയും പണം വാങ്ങി തട്ടിപ്പ് നടത്തുന്ന ഒരു കൂട്ടം ഇവന്റ് മാനേജ്മെൻറ്കളുടെയും ഓൺലൈൻ പരസ്യം നൽകി പ്രവർത്തിക്കുന്ന കാറ്ററിംഗ് സ്ഥാപനങ്ങളെയും ജനങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. നാളുകളായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന സാധാരണക്കാരായ കാറ്ററിങ് പാചക തൊഴിലാളികളെയും പ്രതിസന്ധിയിൽ ആക്കുകയും തൊഴിൽ നഷ്ടം വരുത്തുകയും ചെയ്യുന്ന ഇവന്റ് മാനേജ്മെന്റുകളുടെ തള്ളിക്കയറ്റം ആണ് ഇത്തരം പ്രവണതകൾക്ക് കാരണമാകുന്നത്. ഒരു വിസിറ്റിംഗ് കാർഡിലോ നോട്ടീസിലോ മാത്രം ഒതുങ്ങുന്ന കാറ്ററിങ് ഇടനിലക്കാരെ ജനങ്ങൾ തിരിച്ചറിയേണ്ടതുണ്ട്. എറണാകുളത്തോ അല്ലെങ്കിൽ മറ്റെവിടെയെങ്കിലും ഓഫീസ് ഉണ്ട് എന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് വാചാലമായി സംസാരിച്ച് വർക്ക് എടുക്കുന്ന ഇവന്റ് മാനേജ്മെൻറ് വർക്ക് മൊത്തമായി എടുക്കുകയും അവിടെത്തന്നെയുള്ള ചെറുകിടക്കാരെ ഏൽപ്പിച്ചുകൊണ്ട് വൻതുക കമ്മീഷൻ വാങ്ങിക്കുകയും ചെയ്യുന്ന രീതിയും ഈ മേഖലയിൽ കണ്ടു വരുന്നുണ്ട്. കേറ്ററിംഗ് ആൻഡ് ഹോട്ടൽ വർക്കേഴ്സ് യൂണിയൻ സംസ്ഥാന കമ്മറ്റി ഇതിനുമുമ്പും പലപ്രാവശ്യങ്ങളിലായി ഇത്തരം തട്ടിക്കൂട്ട് ഇവന്റ് കാറ്ററിംഗ് സ്ഥാപനങ്ങളെക്കുറിച്ച പരാതികളും പത്ര വാർത്തകളും കൊടുത്തിട്ടുള്ളതാണ്.

നിയമപരമായും വ്യവസ്ഥാപിതമായും പ്രവർത്തിക്കുന്ന കാറ്ററിംഗ് സ്ഥാപനങ്ങളെ തകർക്കുന്ന ഇത്തരം ആളുകളെ കണ്ടെത്തിക്കൊണ്ട് നിയമപരമായി നടപടി നടപടികൾ സ്വീകരിക്കണമെന്ന് കാറ്ററിംഗ് ആൻഡ് ഹോട്ടൽ വർക്കേഴ്സ് യൂണിയൻ. സംസ്ഥാന കമ്മിറ്റി ആവശ്യപ്പെടുന്നു.

യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഉസ്മാൻ മുല്ലക്കര ആദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് സിയാദ് കോട്ടയം വിഷയവാതരണം നടത്തി സംസ്ഥാന ജനറൽ സെക്രട്ടറി നൗഷാദ് ശ്രീമൂലനഗരം, കെ.വൈ ഇബ്രാഹിം എറണാകുളം, അസ്സിസ് കോട്ടയം, സരസ്വതി വലപ്പാട് എന്നിവർ സംസാരിച്ചു.

# ടി എം ജേക്കബിന്റെ ജന്മദിനാഘോഷം



തൃശൂർ: കേരളകോൺഗ്രസ് (ജേക്കബ്) പാർട്ടി നേതാവായിരുന്ന മുൻമന്ത്രി ടി എം ജേക്കബിന്റെ ജന്മദിനം ജില്ലാ കമ്മിറ്റി ആഘോഷിച്ചു.

പ്രസിഡണ്ട് പി എം ഏലിയാസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് സോമൻ കൊളപ്പാറ അധ്യക്ഷനായി. പി പി ജെയിംസ്, ഷൈജു ബഷീർ, വസന്തൻ ചിയ്യാരും, ജോൺ ആടുപാറ, ബാബു ചേലക്കര, സി എം ബാലസന്ദരൻ തുടങ്ങിയവർ പ്രസംഗിച്ചു.

## പി.ആർ.ഡിയിൽ ഇൻഫർമേഷൻ അസിസ്റ്റന്റുമാരുടെ പാനൽ പരീക്ഷ സെ. 20ന്

തൃശൂർ: ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിൽ പബ്ലിക് റിലേഷൻസ് ഇൻഫർമേഷൻ സർവീസ് മാനേജ്മെന്റ് സിസ്റ്റം (പ്രിസം) പദ്ധതിക്ക് കീഴിൽ ഇൻഫർമേഷൻ അസിസ്റ്റന്റുമാരുടെ പാനലിലേക്ക് അപേക്ഷിച്ചവർക്കുള്ള പരീക്ഷ *സെപ്റ്റംബർ 20ന് (ഞായർ) രാവിലെ 10.30 മുതൽ 12.30 വരെ* നടക്കും.

**പരീക്ഷാകേന്ദ്രങ്ങളുടെ വിവരങ്ങൾ**

തിരുവനന്തപുരം, കൊല്ലം ജില്ലകളുടെ പരീക്ഷാകേന്ദ്രം : ഗവ. ഗേൾസ് എച്ച്.എസ്.എസ്., കോട്ടൺഹിൽ, വഴുതക്കാട്, തിരുവനന്തപുരം.

കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളുടെ പരീക്ഷാകേന്ദ്രം*: ഗവ. മോഡൽ എച്ച്.എസ്.എസ്., ഫയർ സ്റ്റേഷൻ സമീപം, കോട്ടയം.

തൃശൂർ, പാലക്കാട് ജില്ലകളുടെ പരീക്ഷാകേന്ദ്രം : വിവേകോദയം ജി.എച്ച്.എസ്., തൃശൂർ.കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളുടെ പരീക്ഷാകേന്ദ്രം: ഗവ. വി.എച്ച്.എസ്.എസ്., സ്പോർട്സ് സിവിൽ സ്റ്റേഷൻ, കണ്ണൂർ.

കോഴിക്കോട്, മലപ്പുറം ജില്ലകളുടെ പരീക്ഷാകേന്ദ്രം: ഗവ. വി.എച്ച്.എസ്.എസ്., മീഞ്ചന്ത, കോഴിക്കോട്.

എറണാകുളം, ആലപ്പുഴ ജില്ലകളുടെ പരീക്ഷാകേന്ദ്രം*: എം.പി.എം ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂൾ, വൈലോപ്പിള്ളി റോഡ്, തമ്മനം പി.ഒ., എറണാകുളം.



ഇരിങ്ങാലക്കുട വിദ്യഭ്യാസ ഉപജില്ല നീന്തൽ മത്സരത്തിൽ തുടർച്ചയായി 60-ാം തവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയ അവിട്ടത്തൂർ എൽ.ബി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂൾ ടീം.

## ഉപജില്ല നീന്തൽ മേള – അവിട്ടത്തൂർ എൽ.ബി.എസ്.എം. എച്ച്.എസ്.എസ്സിന് ഓവറോൾ ചാമ്പ്യൻഷിപ്പ്

ഇരിങ്ങാലക്കുട : വിദ്യാഭ്യാസ ഉപജില്ല നീന്തൽ മത്സരത്തിൽ 319 പോയന്റ് നേടി അവിട്ടത്തൂർ എൽ.ബി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. 198 പോയന്റ് നേടി ഡോൺ ബോസ്കോ എച്ച്.എസ്. എസും , 43 പോയന്റ് നേടി നാഷണൽ എച്ച്. എസ്. എസും യഥാക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. ഡോൺ ബോസ്കോ സ്കൂൾ സ്വിമ്മിങ്ങ് പൂളിലാണ് നീന്തൽ മത്സരം നടന്നത്. തുടർച്ചയായി 60 -ാം തവണയാണ് അവിട്ടത്തൂർ സ്കൂൾ ജേതാക്കളാകുന്നത്.

# നെടുപുഴ സർവിസ് സഹകരണ ബാങ്കിൽ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഉദ്ഘാടനം ചെയ്തു



തൃശൂർ : നെടുപുഴ സർവിസ് സഹകരണ ബാങ്കിന്റെ കണിമംഗലം ശാഖയിൽ ഏർപ്പെടുത്തിയ ആധുനിക ബാങ്കിംഗ് സംവിധാനങ്ങളുടെ ഉദ്ഘാടനം നടന്നു.

ബാങ്കിന്റെ എ.ടി.എം കൗണ്ടർ കെ. രാജൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. മൈ ബാങ്ക് അപ്ലിക്കേഷൻ പദ്ധതി സി.പി.എം. ജില്ല സെക്രട്ടറി കെ.വി. അബ്ദുൾ ഖാദറും QR കോഡ് വിതരണ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ നെടുപുഴ പ്രദേശത്തെ മികച്ച കർഷകരെ കേരള ബാങ്ക് ഡയറക്ടർ എം. ബാലാജി ആദരിച്ചു ബാങ്കിന്റെ ക്യൂ.ആർ. കോഡ് വിതരണ ഉദ്ഘാടനം കോർപ്പറേഷൻ സ്ഥിരം സമിതി അദ്ധ്യക്ഷ ഷീന ചന്ദ്രൻ ഉദ്ഘാടനം ചെയ്തു ബാങ്ക് പ്രസിഡന്റ് ഇ.സുനിൽകുമാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ കൗൺസിലർമാരായ സി. എം. അമ്പിളി, പ്രിൻസി റോജൻ, സി. പി. എം തൃശൂർ ഏരിയ സെക്രട്ടറി അനൂപ് ഡേവിസ് കാട, ഗ്രീഷ്മ അജയ്ഘോഷ്, എ.കെ ജെയ്സൻ, അഡ്വ: പി.ആർ. ജയകുമാർ, എ.ആർ. രാഹുൽനാഥ് എം ആർ പ്രകാശൻ, ബാങ്ക് സെക്രട്ടറി സ്നേഹ ദാസ്,വൈസ് പ്രസിഡന്റ് എ ശിവദാസ് എന്നിവർ പ്രസംഗിച്ചു

## ഇരിങ്ങാലക്കുട : ഗാന്ധിഗ്രാം മുല്ല റസിഡൻസ് അസോസിയേഷന്റെ എട്ടാം വാർഷികവും ഓണാഘോഷവും



ഇരിങ്ങാലക്കുട : ഗാന്ധിഗ്രാം മുല്ല റസിഡൻസ് അസോസിയേഷന്റെ എട്ടാം വാർഷികവും ഓണാഘോഷവും മുരിയാട് പഞ്ചായത്ത് മെമ്പർ തോമസ് തൊകലത്ത് ഉദ്ഘാടനം ചെയ്തു അസോസിയേഷൻ പ്രസിഡണ്ട് ചാർലി തൊകലത്ത് അദ്ധ്യക്ഷതവഹിച്ചു വിൻസന്റെ തൊഴുത്തും പറമ്പിൽ ബാബു ശങ്കരൻ കാട്ടിൽ അജി കോനങ്ങത്ത് ൻന്റീനാ ഷാജു എന്നിവർ സംസാരിച്ചു വിവിധ കലാപരിപാടി കളും നടന്നു

## വിവരാവകാശ കമ്മീഷൻ സെമിനാർ നാളെ (

തൃശൂർ: സംസ്ഥാന വിവരാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിലെ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കായി നാളെ (സെപ്റ്റംബർ 18) സെമിനാർ നടത്തും. രാവിലെ പത്തിന് തൃശ്ശൂർ ടൗൺഹാളിൽ നടക്കുന്ന സെമിനാർ കായിക, യുവജന ക്ഷേമ വകുപ്പ് മന്ത്രി ഒ.ജെ. ജനീഷ് ഉദ്ഘാടനം ചെയ്യും. എം.എൽ.എ രാജൻ ജെ. പല്ലൻ അധ്യക്ഷത വഹിക്കും. മേയർ ഡോ. നിജി ജസ്റ്റിൻ വിശിഷ്ടാതിഥിയാകും.

## ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി

തൃശ്ശൂർ : പൂങ്കുന്നം റെയിൽവേ സ്റ്റേഷനിൽ മധ്യവയസ്കനെ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തി. ആളെ തിരിച്ചറിഞ്ഞിട്ടില്ല.


### കോടതി പരസ്യം

**ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ**

CC: 347/2026

കെ പാർത്ഥസാരഥി മേനോൻ, പഞ്ചാക്ഷരി, ആനന്ദപുരം ,തൃശൂർ

-ഹരജിക്കാരൻ

Ashraya Agri Multistate, Co-operative Society Ltd. Rep by Chairman, 3rd Floor, City Tower, Patturaikkal, Thrissur

-എതൃകക്ഷി

മേൽനമ്പ്ര് കേസ് **07-12-2026** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-9-2026

ഹരജിഭാഗം അഡ്വക്കെറ്റ്

**എ ഡി ബെന്നി**

(ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ**

CC: 367/2026

സീജ പി വി, പഞ്ചാക്ഷരി ഹൗസ്, ആനന്ദപുരം തൃശൂർ

-ഹരജിക്കാരൻ

Ashraya Agri Multistate, Co-operative Society Ltd. Rep by Chairman, 3rd Floor, City Tower, Patturaikkal, Thrissur

-എതൃകക്ഷി

മേൽനമ്പ്ര് കേസ് **15-12-2026** തിയ്യതിക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 15-9-2026

ഹരജിഭാഗം അഡ്വക്കെറ്റ്

**എ ഡി ബെന്നി**

(ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശ്ശൂർ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ**

**CC.1101/2025, IA.1777/2025**

മേഴ്സി ജോസ്, 72 വയസ്സ് W/o. ജോസ്, പുലിക്കോട്ടിൽ ഹൗസ്, കുരിയച്ചിറ പി.ഒ തൃശ്ശൂർ താലൂക്ക് പിൻ- 680006 Ph. 9746253860

-ഹർജിക്കാരി

Assets Legacy Nidhi Ltd. Regd Office, Room No.14, Third Floor Thekkath Square, Kuriachira P.O Thrissur Rep by Managing Partner Prasanth C. S/o. Chendhakaad Narayanan K. Thrissur Taluk, Cherppu Village, Perumbillissery Desam P.O Cherppu, Pin-680561

2. ചാലക്കുടി താലൂക്ക്, കൊടകര വില്ലേജ്, (പി.ഒ. വെള്ളികുളങ്ങര 680 699) വില്ലേജ് ഓഫീസിനു സമീപം താമസം, മാങ്കുഴ ജേയ്ക്കബ്ബ് മകൾ 43 വയസ്സ്, സിന്ധു എം. ജേയ്ക്കബ്ബ്

-1, 3 എതൃകക്ഷികൾ

മേൽ നമ്പറിൽ 1, 3 എതൃകക്ഷികൾക്കുള്ള നോട്ടീസ് പത്രത്തിൽ പരസ്യം ചെയ്യുവാൻ കൽപ്പിച്ച് ഉത്തരവായി മേൽ നമ്പർ കേസ് **17-11-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. ആയതിൽ ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട കമ്മീഷൻ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പർ കേസ് ഹർജി പ്രകാരം വിധിയാകുന്നതാണ് എന്ന വിവരം ഇതിനാൽ അറിയിച്ചുക്കൊള്ളുന്നു.

എന്ന് 12/09/2026

ഹരജിഭാഗം അഡ്വക്കെറ്റ്:

**ആന്റോ ഡേവീസ് എ** (ഒപ്പ്)

### കോടതി പരസ്യം

**ബഹു: ഇരിങ്ങാലക്കുട MACT മുമ്പാകെ**

O.P(M.V) : 1447/2022

ഇബ്രാഹിം ടി എ etc

ഹർജിക്കാർ

1) Elladuraiyan V., S/o. Vadivel, 34/VOC, 4th Street, Chinnamaur, 7373773797, Uthamapalayam T.K., Theni Dt. 625516

2) Ratheesh @ Ranjith @ Jyothish @ KTP, S/o. Late Ravi Manappully House, Anchamparathy, S.N. Puram Village, Santhipuram P.O.

3, 4 എതിർകക്ഷികൾ

മേൽ നമ്പറിൽ 3, 4 എതിർ കക്ഷികൾക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **17-10-2026** തിയ്യതിക്ക് വച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ എക്സ് പാർട്ടിയാക്കി ഉത്തരവാകു ന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 15-9-2026

ഹരജി ഭാഗം അഡ്വക്കെറ്റ്

**ജീജോ വർഗ്ഗീസ്** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ**

Dispute No: 1024/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-പരാതിക്കാരൻ

1) ബൈജു പി ജെ ഉദ്ദേശം 52 വയസ്, S/o ജോൺ, പള്ളിക്കുളങ്ങര ഹൗസ്, വരന്തരപ്പിള്ളി വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, പി ഒ വേലൂപ്പാടം, പിൻ-680303

2) ജെൻസി, ഉദ്ദേശം 40 വയസ് W/o ബൈജു, പള്ളിക്കുളങ്ങര ഹൗസ്, വരന്തരപ്പിള്ളി വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, പി ഒ. വേലൂപ്പാടം, പിൻ-680303

3) ഡെന്നി, ഉദ്ദേശം 50 വയസ് S/o ടൈറ്റസ്, തുണ്ടൻ പറമ്പിൽ ഹൗസ്, വരന്തരപ്പിള്ളി വില്ലേജ്, ചാലക്കുടി താലൂക്ക്, തൃശൂർ ജില്ല, വേലൂപ്പാടം, പിൻ-680303

– എതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **30-9-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 16-09-2026

പരാതിക്കാരൻഭാഗം അഡ്വക്കെറ്റ്

**ജോഫി ജോർജ്ജ് പി.** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശ്ശൂർ ചിട്ടി രജിസ്ട്രാർ/ ആർബിട്രേറ്റർ മുമ്പാകെ**

Dispute No: 949/2025

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-പരാതിക്കാരൻ

1) രാജൻ സി, ഉദ്ദേശം 56 വയസ്, S/o ചിപ്രായൻ, ലക്ഷ്മി നിവാസ് ഹൗസ്, പേരാമംഗലം മേലാർക്കോട് വില്ലേജ്, ആലത്തൂർ താലൂക്ക്, പാലക്കാട് ജില്ല, പി ഒ മേലാർക്കോട്, പിൻ-678703

2) സിന്ധു ടി എ ഉദ്ദേശം 45 വയസ് W/o രാജൻ സി, തോട്ടത്തിൽ ഹൗസ്, ചളവറ വില്ലേജ്, ഒറ്റപ്പാലം താലൂക്ക്, പാലക്കാട് ജില്ല, പി ഒ മുണ്ടക്കോട്ടുകുറുശ്ശി, പിൻ-679122

3) മഹാദേവൻ, ഉദ്ദേശം 78 വയസ് S/o വാസുദേവൻ നായർ, പുതിയവീട് ഹൗസ്, നെന്മാറ വില്ലേജ്, ചിറ്റൂർ താലൂക്ക്, പി ഒ നെന്മാറ, പിൻ-678508

– എതൃകക്ഷികൾ

മേൽനമ്പ്ര് കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **30-9-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്തപക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 16-09-2026

പരാതിക്കാരൻഭാഗം അഡ്വക്കെറ്റ്

**ജോഫി ജോർജ്ജ് പി.** (ഒപ്പ്)